രാമവർമ്മതമ്പുരാൻ.—അനേഷിച്ചുപറയാം.

മിസ്റ്റർ സി. എ. ഔസേപ്പ്.—സ്വാമിസമാനന്ദൻ എന്നയാൾ മാത്രമേ അപേക്ഷ അയച്ചിട്ടുള്ളുവോ?

രാമവർമ്മതമ്പുരാൻ.—അതേയുള്ളു.

മിസ്റ്റർ സി. എ. ഔസേപ്പ്.—വെയ്ച്ചുകൊടുത്ത ശരിയായിട്ടുള്ള വയല്ലെന്നു പ്രസ്താവിച്ചിട്ടുണ്ടെന്നു് ഇതിന്റെ മൂന്നാംഭാഗത്തു കാണുന്നു. അതിനെപ്പറ്റി അനേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അതു ശരിയല്ലെന്നു് എവിഡൻസു് എടുത്തതിൽ തെളിഞ്ഞിട്ടുണ്ടു്.

മിസ്റ്റർ സി. എ. ഔസേപ്പ്.—കള്ളവായിട്ടുള്ള വെയ്ച്ചുകൊടുത്തതിനു് ആ സ്വാമിയെ പ്രോസിക്യൂട്ടുചെയ്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അങ്ങിനെ തുടങ്ങിയാൽ അതിനു് ഒരു അവസാനമില്ല.

Labour Inspector's post—application for.

353. മിസ്റ്റർ കെ. പി. വള്ളോൻ.—കെ. പി. വള്ളോൻ എം. എൽ. സി. ലേബർ ഇൻസ്പെക്ടരുടെ ഉദ്യോഗത്തിനു കൊടുത്തിരുന്നു എന്നു പറയുന്ന അപേക്ഷയുടെ ശരിയായ ഒരു കോപ്പി ഈ മേശപ്പുറത്തു വെക്കുമോ?

രാമവർമ്മ തമ്പുരാൻ.—ചോദ്യത്തിന്റെ ഉത്തരം നോക്കുക.

മിസ്റ്റർ കെ. പി. വള്ളോൻ.—ഹർജിയുടെ ശരിയായ ഒരു പകർപ്പാണു് ഞാൻ ആവശ്യപ്പെട്ടിരിക്കുന്നതു്. എന്നാൽ അതിന്റെ ചിലഭാഗങ്ങൾമാത്രം എടുത്തുകാണിച്ചിരിയ്ക്കുന്നതിനു് വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഒരു കാരണവുമില്ല.

മിസ്റ്റർ സി. എ. ഔസേപ്പ്.—ചോദ്യത്തിനു പറഞ്ഞിട്ടുള്ള മറുപടി ആ ഹർജിയുടെ ഏതാനുംഭാഗം മാത്രമായിരുന്നുവോ?

രാമവർമ്മതമ്പുരാൻ.—അതെയിരുന്നു.

മിസ്റ്റർ സി. എ. ഔസേപ്പ്.—ആ അപേക്ഷയിലെ ചില

LIBRARY ARCHIVES Kerala Legislative Assembly

ഭാഗംമാത്രം എടുത്തുപറഞ്ഞതുകൊണ്ട് അപേക്ഷകൻ ഉദ്ദേശിച്ച ഫലം വരുന്നുണ്ടോ?

രാമവർമ്മതമ്പുരാൻ.—വരുന്നുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ലേബർ ഇൻസ്പെക്ടരുടെ പ്രവൃത്തികൾ എന്തെല്ലാമാണ്?

രാമവർമ്മതമ്പുരാൻ.—ഞാൻ അതു മുമ്പ് ഇവിടെ പറഞ്ഞിട്ടുണ്ട്.

Expenditure in the Labour Department for the years 1107 and 1108.

354. മിസ്റ്റർ കെ. പി. വള്ളോൻ.—എ എ ഒ, എ എ ഒ വ. ഈ രണ്ടു കൊല്ലങ്ങളിൽ സംരക്ഷണ ഡിപ്പാർട്ടുമെണ്ടിലേയ്ക്കു മരാമത്തു പണികൾ, പുസ്തകം, സ്റ്റേഷനറി, വസ്ത്രം, അധഃകൃതകുട്ടികളുടെ ഭക്ഷണച്ചിലവു മുതലായവകൾക്കു എത്രസംഖ്യാവമ്മെണ്ടിൽനിന്നും അധഃകൃതസംരക്ഷകൻ കൈവഴിയായി ചിലവാക്കീട്ടുണ്ടെന്നും വൌച്ചറുകൾ കൊടുത്തിട്ടുള്ള ആളുകളുടെ പേരുകൾ ഉൾപ്പടെ ഒരു പട്ടിക തയ്യാറാക്കി മേശപ്പുറത്തു വെക്കുവാൻ ഗവമ്മെണ്ടിനു മയവുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ.—എ എ ഒ -ലും എ എ ഒ വ -ലും താഴെപറയുന്ന സംഖ്യകൾ ചിലവായിട്ടുണ്ട്.

		എ എ ഒ -ൽ	എ എ ഒ വ -ൽ
		ക. ണ. പ.	ക. ണ. പ.
എ	മരാമത്തു പണികൾ	൪,൯൯൦—൪—൦	൫,൦൦൦—൦—൦
ബി	പുസ്തകം, വസ്ത്രം, സ്റ്റേഷനറി, ഭക്ഷണച്ചിലവു മുതലായ വകകൾ	൩൦,൩൩൬—൦—൦	൩൭,൪൪൫—൦—൦

വൌച്ചർ കൊടുത്തിട്ടുള്ളവരുടെ ഒരു പട്ടിക തയ്യാറാക്കുന്നതുകൊണ്ട് അതിനുവേണ്ടിവരുന്ന സമയവ്യയത്തിനും ബുദ്ധിമുട്ടിനും അനുസരിച്ചുള്ള കായ്സാദ്ധ്യം യാതൊന്നും ഉണ്ടെന്നു ഗവമ്മെണ്ടിനു തോന്നുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—എറണാകുളം കാത്തലിക് ജിലും സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഇയ്യിടെ ഫീസ്സുകളിലും അതിന്റെ മുമ്പിലെ

LIBRARY ARCHIVES Kerala Legislative Assembly